**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6753** **21-03-2023 - ൽ മറുപടിയ്ക്ക്**

**ബഡ്സ് സ്ഥാപനങ്ങളിൽ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ ബ്രാൻഡ് ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിന് ലഭിച്ച അംഗീകാരങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതു വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോ എഡ്യൂക്കേഷന് (കൈറ്റ്) പബ്ലിക്ക് പോളിസിയിലെ ഇന്നൊവേഷനുകൾക്ക് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ ചീഫ് മിനിസ്റ്റേഴ്സ് ഇന്നൊവേഷൻ അവാർഡ് 2022, ഗൂഗിൾ വർക്ക് സ്പേസ് ഫോർ എഡ്യൂക്കഷന്റെ കസ്റ്റമൈസ്ഡ് പ്ലാറ്റ്ഫോം കേരളത്തിൽ ഓൺലൈൻ വിദ്യാഭ്യാസത്തിനായി പ്രയോജനപ്പെടുത്തിയതിന് വേൾഡ് എഡ്യൂക്കേഷൻ സമ്മിറ്റ് അവാർഡ് 2022, കോവിഡ് കാലയളവിൽ കൈറ്റ് വിക്ടേഴ്സിലൂടെ 'ഫസ്റ്റ് ബെൽ' എന്ന പേരിൽ 18000 ലധികം ഡിജിറ്റൽ ക്ലാസ്സുകൾ സംപ്രേഷണം ചെയ്തതിന സോഷ്യൽ മീഡിയ ഫോർ എംപവർമെന്റ് അവാർഡ് 2021 ഉം ഇ ഗവേണൻസ് ചാമ്പ്യൻ അവാർഡ് 2022 എന്നിവ കൂടാതെ 2021, 2022, 2023 വർഷങ്ങളിൽ സർക്കാർ രംഗത്തെ ഐ റ്റി സംരംഭങ്ങൾക്കുള്ള ടെക്നോളജി സഭ ദേശീയ പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ബഡ്സ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളും രക്ഷിതാക്കളും ചേർന്ന് നിർമ്മിക്കുന്ന ഉല്പന്നങ്ങൾ ബ്രാൻഡ് ചെയ്യുന്നതിനും വിപണി കണ്ടെത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ; | (ബി) | പേപ്പർ പേന, പേപ്പർ ബാഗ്, ക്ലോത്ത് ബാഗ്, നോട്ട് പാഡ്, നോട്ട് ബുക്ക് എന്നീ ഉത്പന്നങ്ങളുടെ നിർമ്മാണ പരിശീലനം ആരംഭിച്ചിട്ടുണ്ട്. കുടുംബശ്രീ മുഖേന സർക്കാർ, സർക്കാർ ഇതര സ്ഥാപനങ്ങൾ വഴി വിപണി ഉറപ്പാക്കിയിട്ടുണ്ട്. പ്രാദേശിക തലത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളുമായി സഹകരിച്ചു കൊണ്ട് വിപണി കണ്ടെത്തുന്നുണ്ട്. പ്രദർശന മേളകൾ, മലപ്പുറം ജില്ലയിൽ ആരംഭിച്ചിട്ടുള്ള |

| | | | |
|---|---|---|---|
| | | | 3 ട്രസ്റ്റ് ഷോപ്പുകളും വിപണി കണ്ടെത്തുന്നതിന് സഹായകമായിട്ടുണ്ട്. 2023-24 വാർഷിക പദ്ധതിയിൽ ബ്രാന്റിംഗ് ചെയ്യുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | തിരുവനന്തപുരം ജില്ലയിലെ ബഡ്സ് സ്കൂളുകളിലെ വിദ്യാർത്ഥികളും രക്ഷകർത്താക്കളും ചേർന്ന് നിർമ്മിക്കുന്ന ഉല്പന്നങ്ങൾ ഇതൾ എന്ന ബ്രാൻഡിൽ വിപണിയിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ; ഇതിനായി ബഡ്സ് സ്കൂളുകൾക്ക് ഏതെല്ലാം ഏജൻസികളുടെ സഹകരണം ഉറപ്പാക്കുവാൻ സാധിച്ചിട്ടുണ്ട്; | (സി) | ഇതൾ എന്ന ബ്രാന്റിംഗിനായി രക്ഷിതാക്കൾക്കും അധ്യാപകർ ക്കുമുള്ള ആദ്യഘട്ട പരിശീലനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിനുള്ള പ്രാരംഭ പരിശീല നങ്ങൾ സ്ഥാപന തലത്തിൽ നടന്നു വരുന്നു. അതിനു ശേഷമായിരിക്കും പൂർണ്ണമായി ബ്രാന്റിംഗിലേക്ക് കടക്കുന്നത്. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, ചന്ദനത്തോപ്പ് ആണ് ബ്രാന്റിംഗിന് ആവശ്യമായിട്ടുള്ള ലോഗോ, സ്റ്റാന്റഡൈസേഷൻ, പരിശീലനം തുടങ്ങിയ കാര്യങ്ങൾ ചെയ്തിട്ടുള്ളത്. വിപണിയിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജില്ലാ ഭരണകൂടം ലഭ്യമാക്കാമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്. |
| (ഡി) | ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനും വിപുലമായ വിപണി സൗകര്യങ്ങൾ കണ്ടെത്തുന്നതിനും സമാന സ്വഭാവമുള്ള സ്ഥാപനങ്ങളുമായി സഹകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | സംസ്ഥാനതലത്തിൽ ബ്രാന്റിംഗ് പ്രവർത്തനം പൂർത്തിയാക്കിയതിനു ശേഷം നിലവിൽ വരുമാനദായക പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും കൂടുതൽ വരുമാനം ഉറപ്പു വരുത്തുന്നതിനും, ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനു മായി സമാന സ്വഭാവമുള്ള സ്ഥാപനങ്ങളുമായി സഹകരിക്കാ വുന്നതാണ്. |

സെക്ഷൻ ഓഫീസർ